അപേക്ഷ, പുഞ്ച സ്പെഷ്യൽ ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കി കണക്ഷനുള്ള തുക അടച്ചാൽ ഉടനെ തന്നെ താത്കാലിക വൈദ്യുതി കണക്ഷൻ നൽകുന്നതാണ്.

(ബി) കൃഷിയാവശ്യത്തിനുള്ള വൈദ്യുതിനിരക്ക് കുറയ്ക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ;

(സി) കാർഷികവൃത്തി ലാഭകരമാക്കാൻ കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(ബി&സി) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് നിർണ്ണയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ, 8-7-2019-ൽ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് ഉത്തരവ് പ്രകാരമുള്ള വൈദ്യുതി നിരക്കുകളാണ് നിലവിൽ ഉപഭോക്താക്കളിൽ നിന്നും ഈടാക്കി വരുന്നത്. വൈദ്യുതിയുടെ ശരാശരി വിലയേക്കാൾ (Average Cost of Supply) കുറഞ്ഞ നിരക്കിലാണ് നിലവിൽ കാർഷിക ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകിവരുന്നത്. 2020-21 വർഷത്തെ കമ്മീഷൻ നിശ്ചയിച്ച ശരാശരി വൈദ്യുതി വില യൂണിറ്റൊന്നിന് 6.50 രൂപയായിരിക്കെ കാർഷിക ഉപഭോക്താക്കൾക്ക് (ലോ ടെൻഷനിൽ) 2.30 രൂപയാണ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള എനർജി ചാർജ്. ഇതിൽ തന്നെ ലോ ടെൻഷൻ വിഭാഗത്തിൽപ്പെടുന്ന കാർഷിക ഉപഭോക്താക്കൾക്ക് യൂണിറ്റൊന്നിന് 85 പൈസ നിരക്കിൽ ഗവൺമെന്റ് സബ്സിഡി നൽകുകയും ബാക്കിയുള്ള തുക മുഴുവനായും (ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധിയുള്ള കർഷകർക്ക്) സംസ്ഥാനത്തെ കൃഷി ഭവൻ മുഖേന ബോർഡിലേയ്ക്ക് അടയ്ക്കുകയും ചെയ്യുന്നു. അതായത് കർഷകർക്ക് വൈദ്യുതി പൂർണ്ണമായും സൗജന്യമായാണ് ലഭ്യമാക്കി വരുന്നത്.

**പറമ്പിക്കുളത്തെ ആദിവാസി കോളനികളിലെ വൈദ്യുതി വിതരണം**

269 (654) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ പറമ്പിക്കുളത്തെ വിവിധ ആദിവാസി കോളനികളിൽ കേബിൾ മുഖേന വൈദ്യുതി എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം കോളനികൾക്കാണ് പ്രസ്തുത പദ്ധതി മുഖേന വൈദ്യുതി എത്തിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ&ബി) നെന്മാറ നിയോജകമണ്ഡലത്തിൽപ്പെട്ട പറമ്പിക്കുളം മേഖലയിലെ അല്ലിമൂപ്പൻ, 30 ഏക്കർ, ഒറവൻപാടി, പൂപ്പാറ, കുരിയാർകുറ്റി എന്നീ ആദിവാസി കോളനികളിൽ ഭൂഗർഭ കേബിളുകളുപയോഗിച്ച് വൈദ്യുതി എത്തിക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും Tribal Department-ന്റെ ധനസഹായം അഭ്യർത്ഥിച്ചുകൊണ്ട് പ്രോജക്ട് റിപ്പോർട്ട് പാലക്കാട് ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തേക്കടി അല്ലിമൂപ്പൻ, തേക്കടി 30 ഏക്കർ, ഒറവമ്പാടി കോളനികളുടെ വൈദ്യുതീകരണത്തിനായി 11.10 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. പൂപ്പാറ, കുരിയാർകുറ്റി കോളനികളിൽ തമിഴ്നാടിന്റെ ഗ്രിഡ് വൈദ്യുതി ഉപയോഗിച്ച് മാത്രമേ വൈദ്യുതീകരണം സാദ്ധ്യമാകുകയുള്ളൂ. TANGENDCO-യിൽ നിന്ന് supply extend ചെയ്ത് വൈദ്യുതീകരണം നടത്തുന്നതിനായി പൂപ്പാറ കോളനിക്കായി 8.55 കോടി രൂപയുടെയും കുരിയാർകുറ്റി കോളനിക്കായി 9.4 കോടി രൂപയുടെയും എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. വനംവകുപ്പിന്റെ അനുമതി, തമിഴ്നാടിന്റെ ഗ്രിഡ് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള അനുമതി, വൈദ്യുതീകരണത്തിനാവശ്യമായ തുക എന്നിവ ലഭ്യമാക്കുന്ന മുറയ്ക്ക് കോളനികളുടെ വൈദ്യുതീകരണം നടപ്പിലാക്കുന്നതാണ്.

**സൗജന്യ വൈദ്യുത കണക്ഷൻ**

270 (655) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിനായി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കേണ്ടിവരുന്നത് അവർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കെ.എസ്.ഇ.ബി.യുടെ ചെലവിൽ വൈദ്യുതി പോസ്റ്റുകൾ മാറ്റി സൗജന്യമായി കണക്ഷൻ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

25-1-2019-ലെ ബോർഡ് ഉത്തരവ് പ്രകാരം BPL വിഭാഗത്തിൽപ്പെട്ട 1000 Watts വരെ കണക്ടഡ് ലോഡുള്ള വീടുകൾക്ക് പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ

LIBRARY ARCHIVES Kerala Legislative Assembly